# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 605** **01.12.2015- ൽ മറുപടിക്ക്**

## ചാത്തന്നൂർ സഹകരണ സ്പിന്നിംഗ് മിൽ നവീകരണം

| ചോദ്യം<br>ശ്രീ.ജി.എസ്.ജയലാൽ | ഉത്തരം<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിലേക്കായി എൻ.സി.ഡി.സി.യുമായി ചേർന്ന് പദ്ധതി ആവിഷ്കരിച്ചിരുന്നുവോ; എങ്കിൽ എന്തെല്ലാം നവീകരണപ്രവർത്തനങ്ങൾക്ക് എത്ര കോടി രൂപയുടെ പദ്ധതിക്കാണ് അംഗീകാരം ലഭിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) ആവിഷ്കരിച്ചിരുന്നു. 57.39 കോടി രൂപയുടെ പുതുക്കിയ പദ്ധതി റിപ്പോർട്ട് സർക്കാർ എൻ.സി.ഡി.സി.ക്ക് സമർപ്പിക്കുകയും ആയതിന് എൻ.സി.ഡി.സി.യുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിക്ക് അംഗീകാരം ലഭിച്ചത് എന്നാണ്; ഈ പദ്ധതി അനുസരിച്ച് കേന്ദ്ര സംസ്ഥാനസർക്കാരുകൾ ലഭ്യമാക്കാമെന്ന് വിഭാവനം ചെയ്തിരുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) പദ്ധതിക്ക് അംഗീകാരം ലഭിച്ചത് 10.11.2014 ലാണ്. ഈ പദ്ധതി അനുസരിച്ച് എൻ.സി.ഡി.സി 5165.33 ലക്ഷം രൂപയും സംസ്ഥാന സർക്കാർ 573.92 ലക്ഷം രൂപയും ലഭ്യമാക്കാമെന്നാണ് വിഭാവനം ചെയ്തിരിക്കുന്നത്. |
| (സി) മേൽ തുകയിൽ എത്ര രൂപ സംസ്ഥാന ഗവൺമെന്റിന് ലഭിച്ചുവെന്ന് അറിയിക്കുമോ; ഇതിൽ എത്ര രൂപ മിൽ നവീകരണത്തിനായി നൽകിയിട്ടുണ്ട്; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) 45.19 കോടി രൂപ എൻ.സി.ഡി.സി സർക്കാരിന് നൽകിയിട്ടുണ്ട്. 2014-15 ബഡ്ജറ്റിൽ ആധുനികവത്കരണത്തിനായി 100 ലക്ഷം രൂപ നൽകിയിട്ടുണ്ട്. എൻ.സി.ഡി.സി സർക്കാരിലേയ്ക്ക് നൽകിയ തുക മില്ലിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

| | |
|---|---|
| (ഡി) നിലവിൽ പ്രസ്തുത സ്ഥാപനത്തിന്റെ കട ബാദ്ധ്യത എത്രയാണ്; ആർക്കൊക്കെ എത്ര രൂപ നൽകാനുണ്ടെന്ന് അറിയിക്കുമോ; | (ഡി) നിലവിൽ മില്ലിന്റെ കടബാധ്യത 400.97 ലക്ഷം രൂപയാണ്. ഇതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു. |

(തുക ലക്ഷം രൂപയിൽ)

| | |
|---|---|
| പരുത്തി/പോളിസ്റ്റർ വാങ്ങിയ വകയിൽ | 120.35 |
| ഇലക്ട്രിസിറ്റി ചാർജ്ജ് | 43.32 |
| പി.എഫ് | 98.08 |
| ഇ.എസ്.എ | 10.67 |
| ഗ്രാറ്റിവിറ്റി | 36.72 |
| ശമ്പളം | 57.50 |
| മറ്റ് കുടിശ്ശികകൾ | 34.33 |
| ആകെ | 400.97 |

| | |
|---|---|
| (ഇ) പ്രസ്തുത സ്ഥാപനത്തിൽ ആകെയുള്ള മെഷീനുകളിൽ എത്രയെണ്ണം പ്രവർത്തന സജ്ജമാണ്; പ്രവർത്തന സജ്ജമായ മെഷീനുകളിൽ എത്ര ശതമാനത്തോളം പ്രവർത്തിപ്പിക്കുന്നുണ്ട്; | (ഇ) മില്ലിൽ ഇപ്പോൾ ആകെയുള്ള മെഷീനുകളിൽ 52% പ്രവർത്തന സജ്ജമാണ്. മിൽ പ്രവർത്തിക്കുമ്പോൾ എല്ലാ മെഷീനുകളും പ്രവർത്തിക്കുമായിരുന്നു. ഇപ്പോൾ മിൽ 100% ലേ ഓഫാണ്. |
| (എഫ്) മില്ലിലെ തൊഴിലാളികളിൽ എത്ര പേർക്ക് ഇപ്പോൾ ജോലി നൽകുവാൻ കഴിയുന്നു; ലേ ഓഫ് നിലവിലുണ്ടോ; വിശദാംശം അറിയിക്കുമോ; | (എഫ്) മില്ലിൽ ഇപ്പോൾ 301 സ്ഥിരം തൊഴിലാളികളും 26 ഓഫീസ് ജീവനക്കാരും 145 ട്രെയിനികളും ഉണ്ട്. ഇവർക്ക് 20.09.2015 വരെ ജോലി നൽകിയിട്ടുണ്ട്. ഇപ്പോൾ പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം ലേ ഓഫാണ്. |
| (ജി) ചാത്തന്നൂർ സഹകരണ സ്പിന്നിംഗ് മില്ലിനെ നവീകരിച്ച് പ്രവർത്തന സജ്ജമാക്കുവാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്നും അത് എന്നത്തേക്ക് പ്രാവർത്തികമാക്കുമെന്നും അറിയിക്കുമോ? | (ജി) മിൽ നവീകരണത്തിനുള്ള തുക കൈമാറുന്ന മുറയ്ക്ക് ഒരു വർഷത്തിനകം പൂർണ്ണതോതിൽ നവീകരിച്ച് പ്രവർത്തന സജ്ജമാക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ